410
VOL. 18 | ISSUE 19
Pages 12

# ഹാലേലൂയ്യ

1-15 NOVEMBER, 2013 • ക്രൈസ്തവ ദ്വൈവാരിക

Published From Thiruvalla on 1-11-2013 Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96

Price Rs. 10/-

# പ്രവർത്തനമികവിന് അംഗീകാരം

## വി.ടി.വീണ്ടും സൗത്ത് ഇന്ത്യയുടെ തലപ്പത്ത്



അസംബ്ലീസ് ഓഫ് ഗോഡ് സൗത്ത് ഇന്ത്യയുടെ ജനറൽ സൂപ്രണ്ടായി റവ.വി.ടി.ഏബ്രഹാം വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. കോഴിക്കോട്ട് നടന്ന എസ്.ഐ.എ.ജി.ജനറൽ കോൺഫ്രൻസിൽ നോമിനേഷൻ ബാലറ്റിൽ തന്നെ ബഹുഭൂരിപക്ഷം പ്രതിനിധികളുടെ അംഗീകാരത്തോടെ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെടുകയായിരുന്നു. റവ.ഐസക് വി.മാത്യുവാണ് ജനറൽ സെക്രട്ടറി. ആദ്യമായാണ് ഇദ്ദേഹം സൗത്ത് ഇന്ത്യയുടെ ഔദ്യോഗിക സ്ഥാനത്തെത്തുന്നത്.

സഭയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ഉടലെടുത്ത കേസുകൾ സഭയെ പ്രതിസന്ധിയിലാക്കിയ സമയത്താണ് രണ്ടുവർഷം മുമ്പ് വി.ടി. ആദ്യതവണ ജനറൽസൂപ്രണ്ടായി തിരഞ്ഞെടുക്കപ്പെട്ടത്. അധികാരത്തിലെത്തിയതോടെ പ്രഥമ പരിഗണന നൽകി സഭയുടെ രജിസ്ട്രേഷൻ പ്രതിസന്ധി പരിഹരിക്കുകയും ബാംഗ്ലൂരിൽ എസ്.ഐ.എ.ജിക്ക് സ്ഥിരം ഓഫീസ് ആരംഭിക്കുകയും ചെയ്തതാണ് വി.ടി.ഏബ്രഹാമിന്റെ പ്രധാന നേട്ടം. ഈ നേട്ടങ്ങളുടെ മികവിന് അംഗീകാരമെന്ന നിലയിൽ എ.ജി.തിരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശഘട്ടമായ നോമിനേഷൻ ബാലറ്റിൽ തന്നെ വൻഭൂരിപക്ഷത്തോടെ അദ്ദേഹം തിരഞ്ഞെടുക്കപ്പെടുകയായിരുന്നു.

എസ്.ഐ.എ.ജി.ജനറൽ കോൺഫ്രൻസ് ഇത്തവണ റവ.വി.ടി.ഏബ്രഹാമിന്റെ തട്ടകമായ കോഴിക്കോട്ടാണ് നടന്നതെന്നതും പ്രത്യേകതയായിരുന്നു. 1384 പ്രതിനിധികൾ സംബന്ധിച്ച കോൺഫ്രൻസ് സംഘാടക മികവുകൊണ്ട് ശ്രദ്ധേയമായി. വീണ്ടും ജനറൽ സൂപ്രണ്ടായി തിരഞ്ഞെടുക്കപ്പെട്ട റവ.വി.ടി.ഏബ്രഹാമുമായി ഹാലേലൂയ്യാ നടത്തിയ അഭിമുഖം:

*? സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് കൗൺസിൽ എന്നത് നിയമപരമായ അധികാരങ്ങളുള്ള ഒരു സമിതിയാണോ?*

തീർച്ചയായും, എസ്.ഐ.എ.ജി. രജിസ്റ്റേർഡ് ലീഗൽ എന്റിറ്റിയാണ്. 1860-ലെ സൊസൈറ്റി ആക്ട് അനുസരിച്ച് 1951-ൽ മുംബൈയിൽ രജിസ്റ്റർ ചെയ്ത സൊസൈറ്റിയാണിത്. ഇതിന്റെ കീഴിൽ മലബാർ, മലയാളം എന്നിങ്ങനെ എട്ട് ഡിസ്ട്രിക്ട് കൗൺസിലുകൾ പ്രവർത്തിക്കുന്നു. മഹാരാഷ്ട്രാ മുതൽ തമിഴ്നാട് വരെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ എസ്.ഐ.എ.ജി.യുടെ അധികാര പരിധിയിലാണ്.

*? സഭയുടെ രജിസ്ട്രേഷൻ സംബന്ധിച്ചുണ്ടായ പ്രശ്നങ്ങളെന്തായിരുന്നു?*

എസ്.ഐ.എ.ജി.ക്ക് രജിസ്ട്രേഷൻ ഇല്ലെന്ന് എ.ജി.യിലെ തന്നെ ചിലർ പ്രചരിപ്പിക്കുന്നതോടെയാണ് രജിസ്ട്രേഷൻ സംബന്ധിച്ച പ്രതിസന്ധിയുണ്ടാകുന്നത്. അതോടൊപ്പം എറണാകുളത്തു നിന്ന് സഭ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. സി.ബി.ഐ.അന്വേഷണം വേണം എന്നൊക്കെ പറഞ്ഞുകൊണ്ട് ഒരു കേസും ഉടലെടുത്തു. അന്ന് ഞാനായിരുന്നില്ല സൂപ്രണ്ട്. സത്യത്തിൽ; എ.ജി.1951-ൽ രജിസ്റ്റർ ചെയ്തു എന്നതിന് മുംബൈ ചാരിറ്റി കമ്മീഷൻ ഓഫീസിൽ ഒരു രേഖയുമുണ്ടായിരുന്നില്ല. സഭക്ക് രജിസ്ട്രേഷന്റെ സർട്ടിഫിക്കറ്റും നഷ്ടമായിരുന്നു.

*? താങ്കൾ അധികാരമെടുത്ത ശേഷം ഈ പ്രശ്നത്തിൽ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടത്?*

ശരിക്കും ഒരു കൺഫ്യൂസിംഗ് സ്റ്റേജിലാണ് ഞാൻ ചിത്രത്തിലേക്ക് പ്രവേശിക്കുന്നത്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനു വേണ്ടി ചാരിറ്റി കമ്മീഷൻ ഓഫീസുമായി ചില കത്തിടപാടുകൾ നടത്തിയിരുന്നതല്ലാതെ കൃത്യമായ എന്തെങ്കിലും നടപടി മുൻകാല ഭരണസമിതികൾ ചെയ്തിരുന്നില്ല. കാര്യങ്ങൾ സുഗമമായി നടക്കുമ്പോൾ ഇത്തരമൊരു പ്രശ്നത്തിന്റെ പ്രാധാന്യം ആരും തിരിച്ചറിഞ്ഞില്ലന്നതാണ് വാസ്തവം.

ഞാൻ ഈ പ്രശ്നം എന്റെ മുഖ്യവിഷയമായി ഏറ്റെടുത്തു. മുംബൈ ചാരിറ്റി കമ്മീഷൻ ഓഫീസിൽ നേരിട്ടെത്തി പരിശോധിച്ചു. 2701 എന്ന ഫയൽ മാത്രം മിസിംഗ് ആണെന്ന് ബോധ്യപ്പെട്ടു. ഇതിന്റെ പുറകിൽ കൃത്യമായ ഗെയിംപ്ലാനോടെ ആരോ നീക്കം നടത്തിയിട്ടുണ്ടെന്ന് ബോധ്യമായി. ചാരിറ്റി കമ്മീഷൻ ഓഫീസിനെ കൊണ്ട് ഈ രജിസ്ട്രേഷൻ പുനഃസ്ഥാപിച്ചു കിട്ടുക എന്നത് ശ്രമകരമായ ദൗത്യമാണന്ന് ബോധ്യപ്പെട്ടു. നിയമ ഉപദേശങ്ങളുടെ പിൻബലത്തോടെ മുംബൈ ഹൈക്കോടതി

*ശേഷം പേജ് 3*


# അട്ടപ്പാടിയിൽ സഭകൾ ഭീതിയിൽ

**അട്ടപ്പാടി:** അട്ടപ്പാടിയിലെ പെന്തക്കോസ്ത് ആരാധനകൾക്ക് ജില്ലാകലക്ടറുടെ പ്രത്യേക അനുമതി വേണമെന്ന് പോലീസ്. അട്ടപ്പാടി മേഖലയിലെ പെന്തക്കോസ്ത് സഭാശുശ്രൂഷകന്മാരെ പല സംഘങ്ങളായി അഗളി ഡി.വൈ. എസ്. പി ഓഫീസിൽ വിളിച്ചുവരുത്തിയാണ് പോലീസ് ഈ നിർദ്ദേശം അറിയിച്ചത്.

അട്ടപ്പാടി മേഖലയിൽ ആദിവാസികൾക്കിടയിൽ കൂട്ട മതപരിവർത്തനം നടക്കുന്നു എന്ന് ചില ദേശീയ പത്രങ്ങൾ വാർത്തകൾ പുറത്തുവിട്ടിരുന്നു. അവാസ്തവവും ഊതിപ്പെരുപ്പിച്ചതുമായ ഈ വാർത്തകളുടെ അടിസ്ഥാനത്തിൽ കേരളാ ചീഫ് സെക്രട്ടറി പ്രത്യേക താല്പര്യമെടുത്ത് നിർദ്ദേശം നൽകിയതനുസരിച്ചാണ് പോലീസ് നടപടി എന്നറിയുന്നു.

പതിറ്റാണ്ടുകളായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന സഭകളിൽ പലതിനും സ്വന്തമായി ആരാധനാലയമോ സ്ഥലമോ ഇല്ല. വാടകകെട്ടിടങ്ങളിലും വീടുകളിലും നടന്നുവരുന്ന ഈ ആരാധനകൾക്കെതിരെ വർഗീയ തീവ്രവാദ സംഘടനകൾ പ്രക്ഷോഭവുമായി മുന്നോട്ടു വന്നാൽ സംരക്ഷണം നൽകാൻ പോലും പോലീസിന് സാധിക്കില്ലെന്നാണ് പോലീസ് പാസ്റ്റേഴ്സിനെ അറിയിച്ചിരിക്കുന്നത്. മേഖലയിലെ സഭകൾക്കെതിരെ ശക്തമായ നീക്കത്തിന്റെ മുന്നൊരുക്കമാണ് ഇതെന്ന് സഭകൾ ഭയപ്പെടുന്നു. പെന്തക്കോസ്തു സഭകൾ ഈ മേഖലയിൽ ഇതുവരെ കൂട്ടമതപരിവർത്തനത്തിന് ശ്രമം നടത്തിയിട്ടില്ല. മേഖലയിലെ കുടിയേറ്റ ക്രൈസ്തവരാണ് പ്രധാനമായും സഭയിലെ വിശ്വാസികൾ. മദ്യപാനവും ദാരിദ്ര്യവും മൂലം കഷ്ടതയിലായ ആദിവാസികളെ മാനുഷികപരിഗണനകൾ വച്ച് ഞങ്ങളാലാവോളം സഹായിക്കുന്നു എന്നതാണ് വാസ്തവം, ഐ.പി. സി അട്ടപ്പാടി സെന്റർ പാസ്റ്റർ ബിജു സേവ്യർ ഹാലേലൂയ്യായോടു പറഞ്ഞു.

# ബെന്നിഹിൻ ബാംഗ്ലൂരിലെത്തുന്നു



ബാംഗ്ലൂർ: ലോകപ്രസിദ്ധ സുവിശേഷ പ്രഭാഷകൻ ബെന്നിഹിൻ വീണ്ടും ബാംഗ്ലൂരിലെത്തുന്നു. 2014 ജനുവരി 15-19 വരെ ബംഗ്ലൂരിലെ യലഹങ്കയിലാണ് പ്രെയർ കോൺഫ്രൻസ് എന്ന് പേരിട്ടിരിക്കുന്ന കോൺഫ്രൻസ് നടക്കുന്നത്. ബാംഗ്ലൂരിൽ ബഥേൽ എ.ജി.സഭയുടെ ശുശ്രൂഷകൻ ജോൺസൺ വി. ആണ് പ്രെയർ കോൺഫ്രൻസിന്റെ സംഘാടകൻ. പാസ്റ്റർ എം.എ.വർഗീസിന്റെ മകനാണ് റവ.ജോൺസൺ.

യലഹങ്കയിലെ എയർപോർട്ട് റോഡിലുള്ള സൂപ്പർനോവ അരീന സെൻചറി അവന്യൂവിലാണ് സമ്മേളനം നടക്കുന്നത്. ബെന്നിഹിന്നിനെ കൂടാതെ ക്രിസ് ഒയാകിലോം, പോൾ ദിനകരൻ, എം.എ.വർഗീസ് എന്നിവരും പ്രസംഗകരാണ്.

മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമാണ് കോൺഫ്രൻസിൽ പ്രവേശനം. www.prayerconference.in എന്ന സൈറ്റിലൂടെ ഓൺലൈനായും, ബഥേൽ എ.ജി.ചർച്ച് നമ്പർ 67, റിംഗ് റോഡ്, ഹെബ്ബാൾ, ബാംഗ്ലൂർ എന്ന വിലാസത്തിലും രജിസ്ട്രേഷൻ നടത്താവുന്നതാണ്.

2007-ൽ ബെന്നിഹിൻ ബാംഗ്ലൂരിലെത്തിയപ്പോൾ ലക്ഷക്കണക്കിന് ജനങ്ങളാണ് സമ്മേളനത്തിനെത്തിയത്. വർഗീയപ്രസ്ഥാനങ്ങളുടെ ഹർത്താലിനേപ്പോലും അവഗണിച്ചാണ് അന്ന് ജനങ്ങൾ ഒഴുകിയെത്തിയത്. ഇത്തവണ പബ്ലിക് മീറ്റിങ്ങായല്ല കോൺഫ്രൻസ് നടക്കുന്നത്, ക്രിസ്ത്യൻ റിലീജിയസ് പ്രോഗ്രാം എന്ന നിലയിൽ പ്രാർത്ഥനാ കോൺഫ്രൻസായാണ് നടക്കുന്നത്.



*റവ.ജോൺസൺ വി.*

# ഐ.പി.സി. സ്റ്റേറ്റ് കൺവൻഷൻ









കുമ്പനാട്: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ കേരളാ സ്റ്റേറ്റിന്റെ രണ്ടാമത് വാർഷിക കൺവൻഷൻ ഡിസം.4-8 വരെ നിലമ്പൂർ പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ കോളജ് ഗ്രൗണ്ടിൽ നടക്കും. ഡിസംബർ 4-ന് സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ വി.പി. ജോസ്, കെ.ജോയ് എന്നിവർ മുഖ്യ പ്രഭാഷകരായിരിക്കും. കൂടാതെ പാസ്റ്റർമാരായ ജേക്കബ് ജോൺ, കെ. സി.ജോൺ, സാം ജോർജ്ജ്, രാജു പൂവക്കാല, ഫിലിപ്പ് പി.തോമസ്, ഷിബു നെടുവേലിൽ, ബാബു ചെറിയാൻ എന്നിവർ പ്രസംഗിക്കും.

ഡിസംബർ 4-ന് രാവിലെ 9 മണിക്ക് മലബാറിലെ ശുശ്രൂഷകന്മാരുടെ സമ്മേളനത്തോടെ കൺവൻഷൻ ആരംഭിക്കും. കൺവൻഷനോടനുബന്ധിച്ച് വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ രാവിലെ 10-ന് പൊതുയോഗവും, വെള്ളി ഉച്ചക്ക് സോദരീ സമ്മേളനവും, ശനി ഉച്ചക്ക് പി.വൈ.പി.എ, സൺഡേസ്കൂൾ സമ്മേളനവും നടക്കും.

ഡിസംബർ 5-ന് സ്റ്റേറ്റ് പ്രസ്ബിറ്ററി യോഗം നടക്കും. ശുശ്രൂഷകന്മാരുടെ അംഗീകാരത്തിനും ഓർഡിനേഷനുമുള്ള ഇന്റർവ്യൂ പ്രസ്ബിറ്ററിയോടനുബന്ധിച്ച് നടക്കും. ഇന്റർവ്യൂവിന് പങ്കെടുക്കുന്നവരുടെ എഴുത്തു പരീക്ഷ വ്യാഴം രാവിലെ 10 മണിക്ക് നടക്കും. ഇന്റർവ്യൂവിനുള്ള അപേക്ഷകൾ നവം.19-നകം കുമ്പനാട് സ്റ്റേറ്റ് കൗൺസിൽ ആഫീസിൽ ലഭിച്ചിരിക്കണം.

പ്രകൃതിസുന്ദരമായ കൊടൈക്കനാലിൽ അന്തർദേശീയ വിദ്യാർത്ഥികളോടും അധ്യാപകരോടുമൊപ്പം ആത്മീയ അന്തരീക്ഷത്തിൽ 09842224770, 09865265770, 09865270770

"All things work together for good to them that love God"-Romans 8:28

Born to Lead
PARADISE ACADEMY
Kodaikanal Christian College
FAITH KNOWLEDGE SERVICE

INDIA'S FOREMOST CHARISMATIC CHRISTIAN INSTITUTION
Kodaikanal Christian College
(Autonomous) Affiliated to Madurai Kamaraj University | Approved by UGC under 12B & 2f Status
www.kcc.edu.in

## ഐ.പി.സി. തിരുവനന്തപുരം താബോർ സഭ ആശ്വാസ ഭവൻ നിർമ്മിക്കുന്നു

തിരുവനന്തപുരം: ഐ.പി.സി.താബോർ സഭ ആശ്വാസ ഭവൻ എന്ന പേരിൽ വൃദ്ധരായവർക്കു വേണ്ടിയും ഭവനം നിർമ്മിക്കുന്നു. സഭയുടെ ഗോൾഡൻ ജൂബിലി വർഷത്തോടനുബന്ധിച്ചാണ് തിരുവനന്തപുരം മെഡിക്കൽ കോളജിന് സമീപം ആശ്വാസ ഭവൻ നിർമ്മിക്കുന്നത്. സഭക്ക് സ്വന്തമായുള്ള 13 സെന്റ് സ്ഥലത്ത് 12,000 സ്ക്വയർഫീറ്റുള്ള കെട്ടിടമാണ് നിർമ്മിക്കുന്നത്.

തിരുവനന്തപുരത്തെ പ്രമുഖ ആശുപത്രികളായ റീജിയണൽ ക്യാൻസർ സെന്റർ, മെഡിക്കൽ കോളജ്, ശ്രീ ചിത്തിരാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നീ സ്ഥാപനങ്ങളിൽ ചികിത്സക്കെത്തുന്ന രോഗികൾക്കും രോഗികളോടൊപ്പമുള്ളവർക്കും സൗജന്യമായി താമസ സൗകര്യവും, സൗജന്യ നിരക്കിൽ ഭക്ഷണവും നൽകുവാനുള്ള സൗകര്യത്തോടെയാണ് ഓൾഡ് എജ് ഹോം നിർമ്മിക്കുന്നത്.

വിവിധ സമുദായ സഭകൾ ഇപ്പോൾത്തന്നെ തിരുവനന്തപുരത്ത് ഇത്തരം സേവനങ്ങൾ നൽകുന്നുണ്ട്. എങ്കിലും ധാരാളം രോഗികൾ ഇപ്പോഴും സൗകര്യങ്ങൾ ലഭിക്കാതെ കഷ്ടപ്പെടുന്നുണ്ട്. ഈ രംഗത്ത് വെല്ലൂരിൽ പ്രവർത്തിക്കുന്ന എബനേസർ ഹോമിന്റെ മാതൃകയിൽ സാമൂഹ്യസേവന രംഗത്ത് ശക്തമായ സാന്നിദ്ധ്യമാകുവാനുള്ള ചുവടുവയ്പ്പാണ് താബോർസഭ വെച്ചിരിക്കുന്നത്.

ഈ പ്രവർത്തനത്തിന് സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ സഹകരിക്കുവാൻ താത്പര്യമുള്ള എല്ലാവരുടെയും സഹകരണം സഭ അഭ്യർത്ഥിക്കുന്നു. 0471-231 2276

## ഐ.പി.സി. രാജസ്ഥാൻ സ്റ്റേറ്റ് രൂപീകരിച്ചു






കുമ്പനാട്: മെയ് 27-ന് നടന്ന ജനറൽ കൗൺസിൽ ഐ.പി.സി.രാജസ്ഥാൻ സ്റ്റേറ്റിന്റെ പ്രവർത്തന പുരോഗതി കണക്കിലെടുത്ത് സ്റ്റേറ്റായി അംഗീകരിച്ചു. പാസ്റ്റർ ജോർജ്ജ് സി.വർഗ്ഗീസിനെ സ്റ്റേറ്റ് പ്രസിഡന്റ് സ്ഥാനത്തേക്ക് നിയോഗിച്ചു. സ്റ്റേറ്റ് ജനറൽ ബോഡിയിൽ പാസ്റ്റർ സാം ജോർജ്ജ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ പി.എം. തോമസ് (സെക്രട്ടറി), ബിനു ടി. മാത്യു (ട്രഷറാർ) എന്നിവരടങ്ങുന്ന 21 അംഗങ്ങളുള്ള കൗൺസിൽ രൂപീകരിച്ചു.


## പെന്തെക്കോസ്ത് മിഷൻ അന്തർദേശീയ ക്യാമ്പ് ചെന്നൈയിൽ

ചെന്നൈ: ദി പെന്തെക്കോസ്ത് മിഷൻ സഭയുടെ അന്തർദേശീയ യുവജന ക്യാമ്പ് നവംബർ 21-24 വരെ ചെന്നൈ ഇരുമ്പല്ലിയൂർ കൺവൻഷൻ സെന്ററിൽ നടക്കും. സിലോൺ, മലേഷ്യാ, ആസ്ട്രേലിയാ, അമേരിക്ക, ദുബായ് തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്നും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള 15000-ൽപരം യുവതീയുവാക്കൾ പങ്കെടുക്കും. "ഇടുവിൽ നില്ക്കുക" എന്നതാണ് ക്യാമ്പിന്റെ ചിന്താ വിഷയം.

## ഐ.പി.സി. ജമ്മു കാഷ്മീർ മിഷൻ ഭാരവാഹികൾ


*പാസ്റ്റർ മാത്യു കെ. ഏബ്രഹാം*


*പാസ്റ്റർ തിമൊഥിയോസ് ജോസഫ്*


*പാസ്റ്റർ പി.ആർ ആന്റണി,*


*പാസ്റ്റർ വിനോദ് വിക്ടർ,*


*പാസ്റ്റർ സി.എം. വർഗീസ്,*

ജമ്മു കാഷ്മീർ: ഐ.പി.സി.ജമ്മു കാഷ്മീർ മിഷൻ സെന്റർ ഭാരവാഹികളായി പ്രസിഡന്റ് പാസ്റ്റർ മാത്യു കെ.ഏബ്രഹാം, വൈസ് പ്രസിഡന്റ് പാസ്റ്റർ തിമൊഥിയോസ് ജോസഫ്, സെക്രട്ടറി പാസ്റ്റർ പി.ആർ ആന്റണി, ജോ.സെക്രട്ടറി പാസ്റ്റർ വിനോദ് വിക്ടർ, ട്രഷറാർ കം.മിഷൻ കോർഡിനേറ്റർ പാസ്റ്റർ സി.എം.വർഗീസ്, പി.വൈ.പി.എ.പ്രസിഡന്റ് പാസ്റ്റർ ബെന്നി തോമസ്, സണ്ടേസ്കൂൾ പ്രസിഡന്റ് പാസ്റ്റർ ജോനാഥാൻ സാംബയാൽ, സോദരീ സമാജം പ്രസിഡന്റ് സിസ്റ്റർ വത്സമ്മ ജോസഫ്,, ഐ.പി.സി.ഹിമാചൽ സെക്രട്ടറി പാസ്റ്റർ എം.എം.ജോൺ, പാസ്റ്റർ ജെയിംസ് ജോൺ, സിസ്റ്റർ അന്നമ്മ മാത്യു എന്നിവരെ തിരഞ്ഞെടുത്തു.

## പി.വൈ.പി.എ സംസ്ഥാന ക്യാമ്പ്

കുമ്പനാട് : പെന്തക്കോസ്ത് യുവജന സംഘടനയുടെ 66-ാം ജനറൽ ക്യാമ്പ് ഡിസംബർ 22-25 വരെ നെയ്യാർ ഡാം റിജിഡ്സിൽ നടക്കും. പി.വൈ.പി.എ സ്റ്റേറ്റ് പ്രസിഡന്റ് സുവി.വിൽസൺ ശാമുവേലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സ്വാഗതസംഘരൂപീകരണ സമ്മേളനത്തിൽ രക്ഷാധികാരിയായി പാസ്റ്റർ കെ.സി തോമസിനെയും ജനറൽ കൺവീനറായി പാസ്റ്റർ ഡാനിയേൽ കൊന്നനില്ക്കുന്നതിനെയും തിരഞ്ഞെടുത്തു. ഈ വർഷത്തെ ക്യാമ്പ് തീം 2 തിമൊഥെയൊസ് 2:21 ആസ്പദമാക്കി ഹീനപാത്രങ്ങളുടെ തലമുറയിൽ കർത്താവിന് മാനപാത്രമാവുക എന്നതാണ്.

സംസ്ഥാന പ്രസിഡന്റ് സുവി. വിൽസൺ ശാമുവേൽ അദ്ധ്യക്ഷത വഹിക്കും. ഐ.പി.സി കേരളാ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് ഉദ്ഘാടനം ചെയ്യും. ഡോ.സജി ലൂക്കോസ്, പാസ്റ്റർ ബിജു ചാക്കോ, പാസ്റ്റർമാരായ വി.പി.ജോസ്, ബാബു ചെറിയാൻ, ജേക്കബ് ജോർജ്ജ്, ഫിലിപ്പ് പി. തോമസ്, റെജി ജേക്കബ്, വിൽസൺ ജോസഫ്, രാജു എം. തോമസ് എന്നിവർ ക്ലാസ്സെടുക്കും. ഐ.പി.സി ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ സമാപന സന്ദേശംനൽകും. ജെഫി യോഹന്നാൻ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. പ്രീ-രജിസ്ട്രേഷൻ ആരംഭിച്ചു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 700 പേർക്ക് മാത്രമേ പ്രവേശനം ഉണ്ടാകയുള്ളൂ എന്ന് സംസ്ഥാന സെക്രട്ടറി പാസ്റ്റർ സാബു ചാപ്രത്ത് അറിയിച്ചു. സംസ്ഥാന ഭാരവാഹികളായ സിനോജ് ജോർജ്ജ് ,ലൈജു ജോർജ്ജ്, കെ.ബി.ബിനു, സുനിൽ മാത്യു, അജു അലക്സ്, ജോബി ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകും.

## വാതിൽ അടയും മുമ്പേ വേല പൂർത്തീകരിക്കുക: പാസ്റ്റർ ജേക്കബ് ജോൺ




സിർസ: ദൈവജനം സുവിശേഷീകരണത്തോട് പ്രതിബന്ധതയുള്ളവരാകണമെന്നും ദൈവമേൽപ്പിച്ച നിയോഗം കർത്തവ്യ ബോധ്യത്തോടെ പൂർത്തീകരിക്കണമെന്നും ഐ.പി.സി.ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ പറഞ്ഞു. ഐ.പി.സി.ഹരിയാന സ്റ്റേറ്റിന്റെ 23-ാമത് വാർഷിക കൺവൻഷനിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഒക്ടോബർ 16-ന് സിർസയിലെ ഡെബ്വാവാലിയ്ക്കടുത്തുള്ള വേഡിംഗ് ഖേടയിൽ നടന്ന കൺവൻഷനിൽ ഹരിയാന സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.വൈ.ഗീവർഗീസ് അദ്ധ്യക്ഷത വഹിച്ചു. ശാലേം ക്വയർ, ഡെബ്വവാലി ഗാനശുശ്രൂഷ നടത്തി. കൺവൻഷനോടനുബന്ധിച്ച വേഡിംഗ് ഖേടയിലെ ആരാധനാലയത്തിൽ പ്രതിഷ്ഠാ ശുശ്രൂഷയും നടന്നു. 1990-ലാരംഭിച്ച ഐ.പി.സി.ഹരിയാന സ്റ്റേറ്റിന്റെ പ്രവർത്തനങ്ങൾക്ക് പാസ്റ്റർ കെ.വൈ.ഗീവർഗീസ് നേതൃത്വം നൽകുന്നു.

## ഫയർ വിംഗ്സ് യുവജന ക്യാമ്പ്

ബാംഗ്ലൂർ: ഫയർ വിംഗ്സ് ബാംഗ്ലൂരിന്റെ നേതൃത്വത്തിൽ നവംബർ 6-9 വരെ യുവജന ക്യാമ്പ് നടക്കും. പാസ്റ്റർമാരായ ഫിന്നി സ്റ്റീഫൻ, റെയ്സൺ തോമസ്, റെജി മാത്യു, ബിജി അഞ്ചൽ, ബിനോയ് എന്നിവർ വിവിധ സെക്ഷനുകളിൽ പ്രസംഗിക്കും. ബൈബിൾ ക്ലാസ്, ധ്യാനയോഗം, സ്തുതിയും ആരാധനയും തുടങ്ങി വിവിധ പരിപാടികൾ ക്യാമ്പിലുണ്ടായിരിക്കും. ചിക്കു കുര്യാക്കോസ്, ലോർഡ്സൺ ആന്റണി, എന്നിവർ നയിക്കുന്ന ഗാനശുശ്രൂഷയും ഉണ്ടായിരിക്കും. പാസ്റ്റർമാരായ ബിജു യോഹന്നാൻ, ബിജു ജോൺ, ഷാജി ഡാനിയേൽ എന്നിവർ നേതൃത്വം നൽകും.

## ഈസാ നഗർ ക്രൂസേഡ്

പത്താൻകോട്ട്: നവംബർ 9-ന് പത്താൻകോട്ട് ഈസാ നഗറിൽ വൺഡേ ക്രൂസേഡ് നടക്കും. ഐ.പി.സി.ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, ഡോ.ജേക്കബ് കെ.തോമസ് (ഇറ്റാർസി റവ.ബാബു വാഴയിൽ)എന്നിവർ പ്രസംഗിക്കും.


## ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി

(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)

പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം,
പ്രാർത്ഥന, വിടുതൽ
ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ
എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ



**പാസ്റ്റർ റോയി പൂവക്കാല**
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939


## PRAYER CELL

**പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.**

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| **വിദേശത്തേക്ക്** | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലൂയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000




യാത്രക്കിടയിൽ

സാംകുട്ടി ചാക്കോ
നിലമ്പൂർ

# മലയാളി പെന്തെക്കോസ്തിന്റെ 10 മണ്ടത്തരങ്ങൾ

## പെന്തെക്കോസ്തിന്റെ ബ്രദറൺവത്ക്കരണം



മലയാളി പെന്തെക്കോസ്ത് സമൂഹത്തിന്റെ പത്ത് മണ്ടത്തരങ്ങൾ എന്ന എന്റെയീ കുറിപ്പുകൾ അവസാനിക്കുവാൻ പോകയാണ്. ഇതെല്ലാം എന്റെ വ്യക്തിപരമായ അഭിപ്രായങ്ങളും കണ്ടെത്തലുകളുമാണെന്ന് ആദ്യമേ ഞാൻ വ്യക്തമാക്കിയിരുന്നു. പെന്തെക്കോസ്തിലെ പിതാക്കന്മാർ അവർക്ക് ലഭിച്ച ദൈവീക ദർശനപ്രകാരവും അവരുടെ സാംസ്കാരിക, സഭാ പശ്ചാത്തലങ്ങളുടെ അടിത്തറയിലും നിന്നാണ് മലയാളി പെന്തെക്കോസ്തിനെ രൂപപ്പെടുത്തിയത്. അവർ 90% വും ശരിയായിരുന്നു എന്നാണെന്റെ ചിന്ത. ചിലടത്ത് അവർക്ക് പാളിച്ചകൾ സംഭവിച്ചു. പിൻവന്ന തലമുറകൾക്ക് അതിനേക്കാൾ വലിയ പിഴവുകളുണ്ടായി. നാമോ നമ്മുടെ നേതാക്കളോ ഒന്നും തെറ്റാവരമുള്ളവരല്ലാത്തതിനാൽ ഇതൊക്കെ സ്വാഭാവികം മാത്രം.

എന്റെ എഴുത്തുകൾ വിമർശിക്കപ്പെടുന്നതിലും ചർച്ചാവിഷയമാകുന്നതിലും എനിക്ക് സന്തോഷമുണ്ട്. എന്നാൽ എനിക്കെതിരെ വ്യക്തിപരമായ അവഹേളനങ്ങൾ ചൊരിയുന്നവരെ ദൈവനാമത്തിൽ അനുഗ്രഹിക്കുന്നു. ഓരോരുത്തർക്കും ലഭിച്ച നിയോഗങ്ങൾ അവരവർ പൂർത്തിയാക്കട്ടെ.

പെന്തെക്കോസ്തിന്റെ മണ്ടത്തരം ഒൻപതാമത്തേതായി ഞാൻ കണക്കാക്കുന്നത് പെന്തെക്കോസ്ത് സഭകളുടെ ബ്രദറൺവത്ക്കരണമാണ്. ലീഗലിസത്തിൽ പി.എച്ച്.ഡി എടുത്തവരാണ് കേരളത്തിലെ ബ്രദറുകാർ. ഇപ്പോൾ അതേ ആത്മാവ് പെന്തെക്കോസ്തിലും വ്യാപരിക്കുന്നു.

പണ്ട് യേശുകർത്താവ് 18 വർഷമായി കൂനിയായി ജീവിക്കേണ്ടി വന്ന ഒരു സ്ത്രീയെ സൗഖ്യമാക്കി. 18 വർഷമായി സാത്താൻ അവളെ ബന്ധിച്ചിരിക്കയാണെന്നാണ് കർത്താവ് പറഞ്ഞത്. ഈ സ്ത്രീക്കുണ്ടായ സൗഖ്യം സുമനസ്സുള്ള എല്ലാവരെയും സന്തോഷിപ്പിച്ചു. എന്നാൽ യേശു ചെയ്യുന്നതിലെല്ലാം കുറ്റം കണ്ടുപിടിക്കുവാൻ പരിശ്രമിച്ച യഹൂദപണ്ഡിതന്മാർ ഇതിലും ഒരു പ്രശ്നം കണ്ടെത്തി. യേശു ആ സ്ത്രീയെ സൗഖ്യമാക്കിയത് ശബത്ത് ദിവസമാണ്. അവൾ കൂനിയായി തുടർന്നാലും കുഴപ്പമില്ല, ശബത്ത് ലംഘിക്കുവാൻ പാടില്ല.

ഇവിടെ യഹൂദപ്രമാണിമാർക്ക് യേശു വളരെ കൃത്യമായ ഒരു മറുപടി നൽകുന്നു. “ശബത്തിൽ നിങ്ങളുടെ ആട് കിണറ്റിൽ വീണാൽ നിങ്ങൾ അതിനെ രക്ഷിക്കയില്ലയോ?” യേശുവിന്റെ ഈ ചോദ്യത്തിൽ അന്തർലീനമായിരിക്കുന്ന മറ്റൊരു ചോദ്യമുണ്ട്. സത്യത്തിൽ യേശു യഹൂദന്റെ കാപട്യത്തെ തുറന്നു കാണിക്കുവാൻ അതിശക്തമായ പരിഹാസമാണ് ചൊരിയുന്നത്. “ഹേ! യഹൂദപ്രമാണിമാരേ നിങ്ങൾ നിങ്ങളുടെ സ്വന്തകാര്യം വരുമ്പോൾ ശബത്തിനെയും, ന്യായപ്രമാണത്തെയും തള്ളിപ്പറയുകയില്ലേ?” എന്നാണ് യേശുവിന്റെ ചോദ്യം.

ഈ യഹൂദ റബിമാരുടെ ലീഗലിസ്റ്റിക് മനോഭാവമാണ് ഇന്നത്തെ യാഥാസ്ഥിതിക പെന്തെക്കോസ്ത് സമൂഹത്തിന്റേത്. സ്ഥാനത്തും അസ്ഥാനത്തും വചനത്തെ കൂട്ടുപിടിച്ച് ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ കെടുത്തിക്കളയുന്നവർ.

അടിസ്ഥാനപരമായി 'പെന്തെക്കോസ്ത്' എന്ന വാക്കിന്റെ ആശയം തന്നെ പരിശുദ്ധാത്മാവിന്റെ അവരോഹണവുമായി ബന്ധപ്പെട്ടാണല്ലോ നിലകൊള്ളുന്നത്. പരിശുദ്ധാത്മാഭിഷേകം, അന്യഭാഷ, അത്ഭുതങ്ങൾ ഇവയെല്ലാമാണ് പെന്തെക്കോസ്തിന്റെ പ്രകടമായ പ്രത്യേകതകൾ.

'ത്രിത്വം' മുതലിങ്ങോട്ട് യേശുക്രിസ്തുവന്റെ മടങ്ങിവരവ് വരെയുള്ള അടിസ്ഥാന ദൈവശാസ്ത്ര തത്വങ്ങളെല്ലാം കത്തോലിക്കാ സഭ മുതലുള്ള ക്രൈസ്തവ സഭകളിൽ നിന്ന് നാം സ്വാംശീകരിച്ചവയാണ്. സ്നാനം ബ്രദറൺ-വേർപാട് സഭകളിൽ നിന്നും നാം ഏറ്റുവാങ്ങി. പിന്നെ പരിശുദ്ധാത്മാവിന് നൽകിയ പ്രാധാന്യമാണ് നമ്മെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാക്കിയത്.

കേരളത്തിലെ പെന്തെക്കോസ്തിന്റെ തുടക്കക്കാർ പരിശുദ്ധാത്മാഭിഷേകത്തിന് നൽകിയ പ്രാധാന്യം പിൻവന്ന തലമുറകൾ അതേ ആവേശത്തോടെ തുടർന്നില്ല. അതിന്റെ ബുദ്ധിമുട്ടുകൾ സഭ ഇപ്പോൾ അനുഭവിക്കുകയാണ്.

കുമ്പനാട് കൺവൻഷന്റെ പന്തൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ഞാൻ കേട്ട ഒരു കാര്യം പറയാം. പണ്ടൊക്കെ പന്തൽ നിർമ്മിക്കുന്നത് സമീപ സഭകളിൽ നിന്നെത്തുന്ന ദൈവദാസന്മാരും വിശ്വാസികളും ചേർന്നാണ്. ഇന്നും മാരാമൺ കൺവൻഷന്റെ പന്തൽ നിർമ്മിതി ഇങ്ങനെ ഇടവകകളിൽ നിന്നെത്തുന്ന ചെറുപ്പക്കാർ ചേർന്നാണ്. കുമ്പനാട്ടേത് പന്തൽ കോൺട്രാക്ടർമാരുടെ ബംഗാളി തൊഴിലാളികളും.

കുമ്പനാട് കൺവൻഷന്റെ പന്തൽ ജോലി നടന്നുകൊണ്ടിരിക്കെ ഒരിക്കൽ പാസ്റ്റർ കെ.ഇ.ഏബ്രഹാം അവിടേക്ക് വന്നു. പന്തലിന് കാൽ നാട്ടുന്ന ഒരു ചെറുപ്പക്കാരനെ അടുത്തേക്ക് വിളിച്ച് ഒരു ചോദ്യം. “ബ്രദർ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചതാണോ?” “അല്ല.”

“എങ്കിൽ പന്തൽ പണി നിർത്തിയിട്ട് ആ ചാപ്പലിൽ പോയി പ്രാർത്ഥിക്ക്. ആത്മാഭിഷേകം പ്രാപിച്ചവർ മാത്രം പന്തലിട്ടാൽ മതി.”

ഇതായിരുന്നു ആരംഭകാല പെന്തെക്കോസ്തിന്റെ രീതി. എന്നാൽ കാലക്രമേണ പരിശുദ്ധാത്മനിറവ് പെന്തെക്കോസ്ത് വിശ്വാസിക്ക് അനിവാര്യമല്ലാത്ത കാര്യമായി മാറി. ഇപ്പോൾ പരിശുദ്ധാത്മാവുണ്ടന്ന് വിശ്വസിച്ചാൽ മാത്രം മതിയെന്ന് തോന്നുന്നു. നമ്മുടെ സഭകളിൽ അമ്പത് ശതമാനത്തിൽ താഴെ മാത്രമാണ് ഇന്ന് ആത്മാഭിഷേകം അന്യഭാഷാ അടയാളത്തോടെയോ അല്ലാതെയോ പ്രാപിച്ചവർ. ആത്മാഭിഷേകത്തിന്റെ ഏകവും പ്രത്യക്ഷവുമായ അടയാളം അന്യഭാഷയാണെന്നാണ് ആദ്യകാല പെന്തെക്കോസ്തു നേതാക്കൾ പഠിപ്പിച്ചിരുന്നത്. ഇന്ന് അത്രയും കടുപ്പിച്ച് ആരും ആ ഉപദേശം പറയുന്നില്ല.

പെന്തെക്കോസ്ത് സഭകളുടെ ബ്രദറൺവത്ക്കരണത്തിന്റെ പശ്ചാത്തലം ഇതാണ്. അതോടൊപ്പം പെന്തെക്കോസ്തിൽ ബ്രദറൺ ആശയക്കാരായ ധാരാളം പ്രസംഗകരും ബൈബിൾ കോളജ് അദ്ധ്യാപകരും എന്തിനേറെ പാസ്റ്റർമാർ വരെയുണ്ട്. അന്യഭാഷയും ഇളക്കവും ബഹളവുമൊക്കെ ഔട്ട് ഓഫ് ഫാഷനായി കരുതുന്നവർ. ഇവരാണ് ലീഗലിസത്തിന്റെ വക്താക്കൾ. സകലത്തെയും ന്യായപ്രമാണത്തിന്റെ ഭൂതക്കണ്ണാടിയിലൂടെ നോക്കി വിധിയെഴുതിയിരുന്ന യെരുശലേമിലെ പരീശന്മാരേപ്പോലെയുള്ളവർ.

പരിശുദ്ധാത്മാവിന്റെ ഇടപെടലുകളെ പ്രവർത്തനങ്ങളെ ബോധപൂർവം അകറ്റി നിർത്തുകയും വചനം വചനം എന്ന് നാഴികക്ക് നാല്പത് വട്ടം പറയുകയും ചെയ്യുന്ന ബ്രദറുകാരായ പെന്തെക്കോസ്തുകാർക്ക് നമ്മുടെ സമൂഹത്തിൽ ലഭിച്ചിരിക്കുന്ന പ്രാമുഖ്യം ഞാൻ ഭയത്തോടെ കാണുന്നു. പെന്തെക്കോസ്തിനെ അതിന്റെ തനിമയിൽ നിന്ന് അകറ്റി മാറ്റിയ ലീഗലിസ്റ്റിക് ചിന്താഗതി ഈ സമൂഹത്തിന്റെ ചലനാത്മകതയെ തന്നെ ബാധിച്ചിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന ഏത് വൈകൃതത്തെയും പ്രോത്സാഹിപ്പിക്കണമെന്ന അർത്ഥത്തിലല്ല ഞാനീ പറയുന്നത്. വചനത്തിൽ അടിസ്ഥാനമില്ലാത്ത ആത്മാവും, ആത്മാവിന്റെ ശക്തിയോടെയല്ലാത്ത വചനവും പെന്തെക്കോസ്തിന് ദോഷകരമാണ്.

എവിടെനിന്നാണ് പെന്തെക്കോസ്തിൽ ബ്രദറൺ അധിനിവേശം ഉണ്ടായത്? ആദ്യകാല പെന്തെക്കോസ്ത് നേതാക്കളിൽ ഒട്ടുമിക്ക പേരും ബ്രദറൺ പാരമ്പര്യത്തിൽ നിന്ന് പെന്തെക്കോസ്തിലെത്തിയവരാണ്. ബ്രദറിലെ പല നന്മകളും സ്വീകരിച്ച കൂട്ടത്തിൽ പരിശുദ്ധാത്മാവിനെതിരെയുള്ള ചില ആശയങ്ങൾ നമുക്കിടയിലേക്ക് അരിച്ചു കയറിയെന്നതാണ് വാസ്തവം. പാസ്റ്റർ പി.എം.ഫിലിപ്പ്, ടി.ജി.ഉമ്മൻ തുടങ്ങിയ ആരംഭകാല പെന്തെക്കോസ്ത് താത്വിക നേതൃത്വം അഭിഷേകത്തിന്റെ ഇളക്കങ്ങളിൽ നിന്ന് വചനത്തിന്റെ പരിശോധനയിലേക്ക് ജനത്തെ നയിച്ചവരാണ്. അവരുടെ സ്കൂൾ ഓഫ് തിങ്കിങ്ങിലുള്ള ആയിരങ്ങൾ ഈ ആശയങ്ങളുടെ പ്രചാരകരായി മാറി. ആ നേതാക്കന്മാർ അഭിഷേകത്തോടെ വചനം ശുശ്രൂഷിച്ചു. പക്ഷേ അവരുടെ പ്രസംഗം കേട്ടവർ ആത്മാവില്ലാതെ വചനത്തെ ഏറ്റെടുത്തു. വചനവും ആത്മാവും ഒന്നിച്ചു പോകുമ്പോഴേ പെന്തെക്കോസ്ത് പൂർണ്ണതയിലേക്ക് എത്തുകയുള്ളു. അല്ലെങ്കിൽ ബ്രദറും പെന്തെക്കോസ്തുമായി എന്തു വ്യത്യാസം. സാത്താനും ദൈവമുണ്ടെന്ന് വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു. ബ്രദറുകാരും ആത്മാവുണ്ടെന്ന് വിശ്വസിക്കുന്നു. ഇന്ന് ബഹുഭൂരിപക്ഷം പെന്തെക്കോസ്തുകാരും ആത്മാവുണ്ടെന്ന് വിശ്വസിക്കുന്നു. വിശ്വാസം അനുഭവത്തിന്റെ തലത്തിലേക്ക് മാറുമ്പോൾ മാത്രമേ യഥാർത്ഥ പെന്തെക്കോസ്തു വെളിപ്പെടുകയുള്ളു.

ഇനി പെന്തെക്കോസ്ത് പാസ്റ്റർമാരെ ആത്മശക്തിയുടെ നിയന്ത്രണത്തിൽ നിന്ന് കുതറിമാറുവാൻ പ്രേരിപ്പിച്ച മറ്റൊരു ഘടകത്തെക്കുറിച്ച്: ബ്രദറൺ എഴുത്തുകാരുടെ പുസ്തകങ്ങളുടെ പ്രധാന വായനക്കാർ പെന്തെക്കോസ്തിലെ പാസ്റ്റർമാരാണ്. ആഴ്ചയിൽ നാലും അഞ്ചും പ്രസംഗം വേണം. അതിനുവേണ്ടി പാസ്റ്റർമാർ ആശ്രയിച്ചത് സങ്കീർത്തന ഭാഷ്യം മുതലിങ്ങോട്ട് ബ്രദറുകാർ എഴുതിക്കൂട്ടിയ വ്യാഖ്യാന ഗ്രന്ഥങ്ങളാണ്.

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പെന്തെക്കോസ്ത് ആശയങ്ങൾക്ക് വിരുദ്ധമായ വ്യാഖ്യാനങ്ങൾ വെട്ടിവിഴുങ്ങി അയവിറക്കി വിളമ്പിയപ്പോൾ പെന്തെക്കോസ്തു പാസ്റ്റർമാരുടെ പ്രസംഗങ്ങൾ ബ്രദറൺ ആയിപ്പോയതിൽ പരിഭവിച്ചിട്ട് കാര്യമില്ല.

പ്രസംഗങ്ങൾക്കൊടുവിൽ “പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ. ...” എന്ന് പാടി ഇളക്കാൻ ശ്രമം നടത്തിയെങ്കിലും അതൊക്കെ സോഡാക്കുപ്പിയിലെ കുമിള പോലെ പെട്ടെന്നടങ്ങുന്നതായി മാറി.

“പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ.....” എന്ന പാട്ടിന്റെ ദൈവശാസ്ത്രം ശരിയല്ല അതു കൊണ്ട് “പരിശുദ്ധാത്മാവിൻ” എന്നാക്കിപ്പാടണമെന്ന് ഒരു ലീഗലിസ്റ്റ് നേതാവ് നിരവധി വേദികളിൽ ശഠിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ത്രിത്വത്തിൽ മൂന്നാമത്തെ ആളത്വമായ പരിശുദ്ധാത്മാവിനെ “പരിശുദ്ധാത്മാവേ“ എന്ന് വിളിക്കുന്നതുപോലും വിലക്കപ്പെടുന്നു എന്നത് നാം എത്രമാത്രം ആഴത്തിൽ പരിശുദ്ധാത്മാവിനെ തെറ്റിദ്ധരിച്ചു എന്നതിന് തെളിവാണ്. മലയാളി പെന്തെക്കോസ്തിനെ ബ്രദറൺവത്ക്കരണത്തിൽ നിന്നും മോചിപ്പിക്കുവാൻ ഇനി സാധിക്കുമോ?

> വചനവും ആത്മാവും ഒന്നിച്ചു പോകുമ്പോഴേ പെന്തെക്കോസ്ത് പൂർണ്ണതയിലേക്ക് എത്തുകയുള്ളു. അല്ലെങ്കിൽ ബ്രദറും പെന്തെക്കോസ്തുമായി എന്തു വ്യത്യാസം. സാത്താനും ദൈവമുണ്ടെന്ന് വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു. ബ്രദറുകാരും ആത്മാവുണ്ടെന്ന് വിശ്വസിക്കുന്നു.

# വി.ടി.വീണ്ടും മസൗത്ത് ഇന്ത്യയുടെ തലപ്പത്ത്

*1-ാം പേജ് തുടർച്ച*

യിൽ റിട്ട് ഫയൽ ചെയ്യുവാൻ തീരുമാനിച്ചു. പ്രമുഖ അഭിഭാഷക ഗ്രൂപ്പായ സോളിസിറ്റർ ഡി.അമീൻ & കമ്പനിയെ കേസ് ചുമതലപ്പെടുത്തി. അവരിലൂടെ രജിസ്ട്രേഷൻ റീ കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത് തരുവാൻ ചാരിറ്റി കമ്മീഷനോട് നിർദ്ദേശിക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു റിട്ട് സമർപ്പിച്ചത്.

നമ്മുടെ വാദത്തിനടിസ്ഥാനമായി എ.ജി.യുടെ ഭരണഘടനയും ചാരിറ്റി കമ്മീഷനുമായി നടത്തിയ എഴുത്തുകുത്തുകളും സഹിതം 920 പേജ് സപ്പോർട്ടിംഗ് ഡോക്യുമെന്റ്സ് സമർപ്പിച്ചു. ആ കേസിൽ നമുക്ക് അനുകൂലമായി വിധി വന്നു. മാത്രവുമല്ല, ഹൈക്കോടതിയിൽ നിന്ന് ഡപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ട ഒരു വനിതാ ജഡ്ജിയായിരുന്നു അന്നത്തെ ചാരിറ്റി കമ്മീഷണർ. അവർ ഹൈക്കോടതി വിധി അതിവേഗം നടപ്പിലാക്കിയതോടെ എ.ജി.രജിസ്ട്രേഷൻ മുൻകാല പ്രാബല്യത്തോടെ പുനഃസ്ഥാപിക്കപ്പെട്ടു.

ഈ ആവശ്യങ്ങൾക്കായി പല തവണയായി 23 ദിവസങ്ങൾ ഞാൻ മുംബൈയിൽ താമസിച്ചു. ലക്ഷക്കണക്കിന് രൂപ ചിലവഴിക്കേണ്ടി വന്നു. എങ്കിലും ഇന്ന് ഞാനിത് ചെയ്തില്ലെങ്കിൽ നാളെ ഈ സമൂഹം എന്നെ കുറ്റപ്പെടുത്തിയേനേ. സഭയുടെ ഔദ്യോഗിക സ്ഥാനമെന്നത് എന്നെ സംബന്ധിച്ചിടത്തോളം ദൈവനിയോഗമാണ്. സഭയെ സേവിക്കുവാനുള്ള അവസരം. എന്നാൽ ആവും വിധം അത് ചെയ്യുന്നു.

*? രജിസ്ട്രേഷൻ പുനഃസ്ഥാപനമല്ലാതെ മറ്റെന്ത് പ്രവർത്തനമാണ് കഴിഞ്ഞ ടേമിൽ താങ്കൾ ചെയ്തത്?*

ജനറൽ സൂപ്രണ്ടിന്റെ വീടാണ് സാധാരണ എ.ജി.യുടെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസായി പരിഗണിച്ചിരുന്നത്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും മറ്റും നഷ്ടപ്പെടാനിടയായ സാഹചര്യവും ഇത്തരം കാര്യങ്ങളാണ്. എന്നാൽ എസ്.ഐ.എ.ജിക്ക് സ്വന്തമായി ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് ബാംഗ്ലൂരിൽ ലിംഗരാജപുരത്ത് പ്രവർത്തനമാരംഭിച്ചു. ഇനി ആര് സൂപ്രണ്ടായാലും സഭയുടെ രേഖകളും മറ്റും ഓഫീസിൽ സൂക്ഷിക്കുവാനുള്ള സംവിധാനമായി.

*? വീണ്ടും ജനറൽ സൂപ്രണ്ടായി തിരഞ്ഞെടുക്കപ്പെട്ടല്ലോ. ഈ ടേമിൽ എന്താണ് പ്രധാന ദൗത്യം?*

ഇത്തവണ ദൈവം എനിക്ക് നൽകിയിരിക്കുന്ന നിയോഗം സഭകളെ പ്രാർത്ഥനയിലേക്ക് നയിക്കുക എന്നതാണ്. ഭൗതിക സാഹചര്യങ്ങൾ എത്ര മെച്ചമായാലും സഭയുടെ നിലനില്പ്പ് പ്രാർത്ഥനയാലാണ്. ദൈവദാസന്മാരെയും സഭയെയും പ്രാർത്ഥനയിൽ ശക്തമാക്കുക എന്നതാണ് എന്റെ പ്രഥമ ലക്ഷ്യം.

*? എസ്.ഐ.എ.ജിയുടെയും മലബാർ ഡിസ്ട്രിക്ടിന്റെയും ഭരണം ഒന്നിച്ച് കൊണ്ടു പോകുന്നതിന് ബുദ്ധിമുട്ടല്ലേ?*

ഓവർടൈം ജോലി ചെയ്യുവാൻ തയ്യാറാണെങ്കിൽ ഇതിൽ പ്രശ്നമൊന്നുമില്ല. മലബാർ എന്നെ സംബന്ധിച്ചിടത്തോളം എന്റെ തറവാടാണ്. അതിന്റെ വളർച്ചയും വികാസവും എന്റെ സ്വപ്നവും വികാരവുമാണ്.

*? മലബാർ ഡിസ്ട്രിക്ട് രൂപീകരിക്കപ്പെട്ടിട്ട് 15 വർഷമായല്ലോ. തിരിഞ്ഞുനോക്കുമ്പോൾ സംതൃപ്തനാണോ?*

തീർച്ചയായും. കഴിഞ്ഞ 15 വർഷം കൊണ്ട് 300% വളർച്ചയാണ് സഭയ്ക്കുണ്ടായത്. അന്ന് ഡിസ്ട്രിക്ട് രൂപീകരിക്കുമ്പോൾ 65 ലോക്കൽ സഭകളുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ സഭകളുടെ എണ്ണം 300-ലധികമാണ്. മലബാർ പോലെ ഡ്രൈ ആയ ഒരു പ്രദേശത്ത് ഇത് ചെറിയ കാര്യമല്ല.

*? എങ്ങനെയാണ് മലബാറിൽ സഭ ഇത്ര വളർച്ച നേടിയത്? എന്തായിരുന്നു സ്ട്രാറ്റജി?*

ഞാൻ തെക്കു നിന്നുള്ള സുവിശേഷകരെയോ പ്രവർത്തകരെയോ അല്ല ആശ്രയിച്ചത്. മലബാറിലെ എ.ജിസഭകളിൽ നിന്ന് സുവിശേഷകരെ കണ്ടെത്തി പരിശീലിപ്പിച്ച് ഫീൽഡിലേക്ക് വിടുകയായിരുന്നു. അതോടൊപ്പം മലബാറിലെ സഭകളിൽ നിന്ന് മുന്നൂറോളം ലേമെൻ പ്രവർത്തകരെ കണ്ടെത്തി പരിശീലിപ്പിച്ചു. ഭാഗികമായി സുവിശേഷ പ്രവർത്തനം നടത്തുന്ന ഈ പ്രവർത്തകരുടെ പങ്കാളിത്തം സഭാ വളർച്ചയിൽ നിർണ്ണായകമായി. ഒരു ലോക്കൽ സഭക്ക് ജന്മം നൽകുക എന്ന സ്ട്രാറ്റജിയും ഞങ്ങൾ പരീക്ഷിച്ച് വിജയിച്ചതാണ്. എല്ലാറ്റിലുമുപരി ദൈവപ്രവർത്തിയുടെ സമയമായിരുന്നു. ഞാനൊരു ഉപകരണമായി എന്നതേയുള്ളു.

## ഐ.പി.സി. രാജസ്ഥാൻ സ്റ്റേറ്റ് – കോട്ടാ സെന്റർ രൂപീകരിച്ചു

രാജസ്ഥാൻ: ഐ.പി.സി.രാജസ്ഥാൻ സ്റ്റേറ്റിന്റെ കോട്ടാ സെന്റർ രൂപീകരിച്ചു. പ്രസിഡന്റായി പാസ്റ്റർ സാം ജോർജ്ജ്, വൈസ് പ്രസിഡന്റ് പാസ്റ്റർ ജെ.ജോയ്, സെക്രട്ടറി അനിമോൻ റ്റി., ട്രഷറാർ പി. ജി. മാത്യു എന്നിവരുൾപ്പെടുന്ന 11 അംഗ കൗൺസിൽ രൂപീകരിച്ചു.

# ശിഥിലമാകുന്ന കുടുംബ ബന്ധങ്ങൾ



മാതാപിതാക്കൾ മക്കളെ വിദേശത്തേക്ക് അയക്കുന്നതാണ് കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് മുഖ്യകാരണമെന്ന പിഎസ്.സിചെയർമാൻ ഡോ.കെ.എസ്.രാധാകൃഷ്ണന്റെ അഭിപ്രായമാണ് ഈ ചിന്തകൾക്ക് പ്രേരകം. പിഎസ്.സിചെയർമാൻ എന്ന പദവിയിലിരുന്നുകൊണ്ട് തൊഴിൽ തേടിയെത്തുന്നവർക്കെല്ലാം തൊഴിൽ നൽകാനാവാതിരിക്കെ തൊഴിൽ തേടിപ്പോകുന്നവരെ വിമർശിക്കുവാൻ അദ്ദേഹത്തിന് ധാർമ്മികമായി കഴിയുമെന്ന് തോന്നുന്നില്ല. ആഗോളവത്ക്കരണത്തിന്റെ നന്മ കൊയ്യുന്ന ഇന്ത്യാ മഹാരാജ്യത്തിൽ കഴിയുന്ന വിദ്യാസമ്പന്നനായ അദ്ദേഹത്തെപ്പോലുള്ള ഒരാളെ വിദേശികളോട് അയിത്തം കല്പിക്കുന്ന സങ്കുചിത ചിന്താഗതിക്കാരുടെ ഗണത്തിൽപ്പെടുത്താനും കഴിയില്ല. ദീപികയിലെ റിപ്പോർട്ടു മുഴുവൻ വായിച്ചപ്പോഴാണ് തന്റെ പ്രസ്താവനയിൽ തിളച്ചു പൊങ്ങുന്ന വികാരത്തിന്റെ പൊരുൾ മനസ്സിലായത്. വൃദ്ധരായ, നിരാലംബരായ മാതാപിതാക്കളെ പരിരക്ഷിക്കുവാൻ മക്കളില്ലാത്ത അവസ്ഥയെക്കുറിച്ചാണ് അദ്ദേഹം പരിതപിക്കുന്നത്. പിഎസ്.സിചെയർമാനേക്കാൾ സാമൂഹിക പ്രതിബദ്ധതയുള്ള ഒരു പിതാമഹന്റെ രോദനം ആ വാക്കുകൾക്കിടയിൽ ഒളിഞ്ഞുകിടപ്പുണ്ട്.

കുടുംബം മനുഷ്യന്റെ രൂപകല്പനയോ ഭാവനയിൽ ഉരുത്തിരിഞ്ഞതോ അല്ല. അത് സൃഷ്ടി സ്ഥാപിതമാണ്. അതിന്റെ മേൽനോട്ടക്കാരാകാനുള്ള ചുമതലയെ ദൈവം മനുഷ്യന് നൽകിയിട്ടുള്ളു. പക്ഷി മുട്ടയിടുവാൻ ഉണ്ടാക്കിയ കൂടുപോലെയോ, മൃഗങ്ങൾ കുഞ്ഞിനെ പെറ്റിടാൻ കുഴിച്ച മാളമോ അവയുടെ വാസസ്ഥലങ്ങളല്ല. എന്നാൽ മനുഷ്യനുണ്ടാക്കിയ കൂട് കേവലം വാസസ്ഥലമെന്നതിനേക്കാൾ ഭവനമായി പരിണമിക്കുന്നത് അതിന്റെ ഉറവിടം സൃഷ്ടികല്പിതമായതിനാലാണ്. എത്ര സുന്ദര സുഖവാസകേന്ദ്രത്തിൽ പോയാലും, വീടുവിട്ടാൽ മറ്റൊരു വീടെന്ന് വിശേഷിപ്പിച്ചാലും വളരെ വൈകാതെ ഗൃഹാതുരത്വം (home sickness) അനുഭവപ്പെടുന്നത് കുടുംബം ദിവ്യമായതിനാലാണ്. അവിടം ഹൃദയങ്ങളുടെ ഇരിപ്പിടമാണ്. ആധുനിക സംസ്ക്കാരം അതിനെയാണ് പിച്ചിച്ചീന്തിയിരിക്കുന്നത്. കുടുംബ സംവിധാനത്തെ ശിഥിലമാക്കിയുള്ള ലോകത്തിന്റെ നിയന്ത്രണം വിട്ടുള്ള യാത്ര എത്രത്തോളം എന്ന ഭയം സുബോധം നഷ്ടപ്പെടാത്തവരെ വല്ലാതെ അലട്ടുണ്ട്.

കുടുംബ സംവിധാനത്തിന്റെ ഘടന പരിശോധിച്ചാൽ വൃദ്ധരായ മാതാപിതാക്കൾ മാത്രമല്ല, ആധുനിക സംസ്ക്കാരത്തിന്റെ ബലിയാടുകൾ എന്ന് മനസ്സിലാകും. അച്ഛനും, അമ്മയും, മക്കളും അടങ്ങുന്ന യൂണിറ്റിനെ ഒരു സാധാരണ കുടുംബമെന്ന് വിളിക്കാം. കൂട്ടുകുടുംബ വ്യവസ്ഥിതി ഇതിനേക്കാൾ വിശാലമാണ്. ദൈവനിർമ്മിതമായ ഭവനത്തിൽ ഓരോ അംഗത്തിനും പ്രത്യേകമായ ചുമതലകളുണ്ട്. അവരവരുടെ ചുമതലകൾ നിറവേറ്റുന്നതിൽ പ്രതിജ്ഞാബദ്ധരായ അംഗങ്ങളിലൊരാൾ കർത്തവ്യ നിർവ്വഹണത്തിൽ പരാജയപ്പെട്ടാൽ അതു കുടുംബസംവിധാനത്തെ ആകമാനം ബാധിക്കും. ശരീരത്തിലെ അവയവം പോലെയാണ് കുടുംബസംവിധാനവും. ഒന്ന് മറ്റൊന്നിന് പകരമാവില്ല. എല്ലാംകൂടി ചേർന്നാലേ ശരീരമെന്നോ, കുടുംബമെന്നോ പറയാനാവൂ. ആധുനിക സംസ്ക്കാരത്തിന്റെ കടന്നു കയറ്റം കുടുംബ സംവിധാനത്തെ തകർത്തുതരിപ്പണമാക്കിയെന്ന് പറയുവാൻ ന്യായങ്ങളേറെയുണ്ട്. ആധുനികമെന്ന് പറയുമ്പോൾ ഇന്നോ ഇന്നലയോ പൊട്ടി മുളച്ച വിഷച്ചെടിയായി ആരും അതിനെ കരുതരുത്. പതിനെട്ടാം നൂറ്റാണ്ടിലെ വ്യവസായിക വിപ്ലവത്തിന്റെ ആവിർഭാവത്തോടെ ആധുനിക സംസ്ക്കാരത്തിന്റെ വേരുകൾ കുടുംബത്തിന്റെ അടിത്തറയിൽ വിള്ളലുണ്ടാക്കി.

വ്യവസായിക വിപ്ലവം സമൂഹത്തിനുണ്ടാക്കിയ സാമ്പത്തികമോ, സാമൂഹികമോ ആയ നേട്ടങ്ങളെ മറന്നു കൊണ്ടല്ല ഇങ്ങനെ പറയുന്നത്. കുടുംബഘടനയിൽ ആ മാറ്റമുണ്ടാക്കിയ മുറിവ് ചികിത്സിച്ച് ഭേദമാക്കാനാവാത്തവിധം വഷളായി എന്ന് സൂചിപ്പിച്ചെന്നേയുള്ളു. പട്ടണവത്ക്കരണത്തിന്റെ സ്വാധീനം അടുക്കളയിൽ നിന്നും തൊഴിൽ രംഗത്തിറങ്ങിയ സ്ത്രീകൾ, കാലം അവരിൽ വളർത്തിയെടുത്ത തിരിച്ചറിവും സ്വാതന്ത്ര്യവും പുരുഷന്റെ ചൂഷണത്തിൽ നിന്നുള്ള മോചനത്തിനായി പ്രതികരിക്കാനവളെ പ്രാപ്തയാക്കി. മാറ്റങ്ങൾക്ക് വിധേയനാകുവാൻ കൂസാത്ത പുരുഷനും, മാറ്റത്തിന്റെ വിപ്ലവം പ്രഖ്യാപിച്ച സ്ത്രീയും ചേരികളായി. ഒറ്റക്കാലിൽ നിൽക്കാമെന്നുള്ള ബോധ്യം ഫെമിനിസത്തിന്റെ ഈറ്റില്ലമായി. അതിനിടയിൽ നിഷ്ക്കളങ്കരായ കുഞ്ഞുങ്ങൾക്ക് മാതാപിതാക്കളുടെ വാത്സല്യവും സ്നേഹവും അന്യമായി. നിലവിലുള്ള തൊഴിൽ വ്യവസ്ഥിതിയിൽ കുഞ്ഞുങ്ങളുടെ കാര്യം ആയമാരെ ഏല്പിച്ചു.

ജോലിത്തിരക്കിനിടയിൽ മക്കളെ ഓമനിക്കുവാൻ നേരമില്ലാതായപ്പോൾ സ്നേഹവും വാത്സല്യവും തേടി മക്കൾ വീട്ടിന് വെളിയിലേക്കിറങ്ങി. ഭാര്യ-ഭർത്താക്കന്മാരിലും ബന്ധങ്ങൾക്ക് മാറ്റം വന്നു. കുടുംബത്തിലെ വരുമാന സ്രോതസനുസരിച്ച് ഭരണാധികാര്യങ്ങളിൽ മാറ്റമുണ്ടായി. സ്ത്രീയുടെ തല പുരുഷനെന്ന തത്വം എല്ലായിടത്തും പാലിക്കപ്പെടാതെ സംഘർഷം ഫണമുയർത്തി. വീട്ടിലുള്ള ബന്ധങ്ങളേക്കാൾ ജോലിസ്ഥലത്തുള്ള ബന്ധങ്ങൾ വളർത്തുവാൻ സമയം കൂടുതൽ ലഭിച്ചു. വിവാഹമോചനങ്ങളുടെ നിരക്ക് വർദ്ധിക്കുവാൻ ഇവയെല്ലാം കാരണമായി. ലൈംഗീക അരാജകത്തിനും, സ്വവർഗ്ഗരതിക്കും, പരപുരുഷ/സ്ത്രീഗമനത്തിനും തൊഴിൽ വ്യവസ്ഥിതിയിലെ മാറ്റങ്ങൾ വളക്കൂറേകി. കൗമാരക്കാരനും പണിയെടുത്ത് സ്വന്തം കാലിൽ നിൽക്കാമെന്നായപ്പോൾ ആശ്രയബോധം നഷ്ടമായി. അപ്പന്റെ വീടുവിട്ടിറങ്ങിയ ധൂർത്തു പുത്രനേപ്പോലെ വരുമാനമെല്ലാം നാനാവിധമാക്കി. കൂട്ടിനുകിട്ടിയ സമപ്രായക്കാരെല്ലാം അവന്റെ വഴി പിന്തുടർന്നപ്പോൾ നാം ഇന്നുകാണുന്ന ആധുനിക തലമുറയായി അവർ വളർന്നുകഴിഞ്ഞു.



ബഞ്ചമിൻ എടക്കര

**ആധുനികതലമുറയുടെ മുഖം ഫേസ്ബുക്കിലും, കാതുകൾ സെൽഫോണിലും, കണ്ണുകൾ ടിവിയിലും ബന്ധിച്ചിരിക്കുന്നു. ഇന്റർനെറ്റിലെ ഹോം പേജ് കുടുംബമാക്കിയ (ഹോം) തലമുറക്ക്ദൈവനിർമ്മിത കുടുംബങ്ങളിലെ ബന്ധത്തെക്കുറിച്ചുള്ള തിരിച്ചറിവ് നഷ്ടപ്പെട്ടിരിക്കുന്നു. യൂ ട്യൂബിലെ വിഡിയോ കാണുവാൻ ഭൂലോകവാസികൾ ഓരോ മാസവും 600 കോടി മണിക്കൂർ ചിലവഴിക്കുന്നു.**

സാമ്പത്തികനേട്ടങ്ങൾക്കായുള്ള മത്സരത്തിനപ്പുറം മനുഷ്യനന്മയെ ലക്ഷ്യംവച്ചുള്ള എന്തെങ്കിലും കാര്യങ്ങൾ ആഗോളവ്യവസ്ഥിതിയിലുണ്ടെന്ന് കരുതുന്നില്ല. സ്വന്തം കുഞ്ഞിന്റെ വിശപ്പടക്കുവാൻ അപരന്റെ കുഞ്ഞിന് കഞ്ചാവ് വില്ക്കുന്ന അപരന്റെ സ്കൂൾ കവാടങ്ങളിലെ തെരുവു കച്ചവടക്കാർ തുടങ്ങി കോർപ്പറേറ്റ് ലോകം കീഴടക്കി വാഴുന്ന മൾട്ടി മില്യനെയർ വരെ ലക്ഷ്യമിട്ടിരിക്കുന്നത് ചൂഷണത്തിലൂടെയുള്ള ലാഭം തന്നെ. സോഷ്യൽ നെറ്റ്വർക്കുകൾ ലാഭം കൊയ്യുന്നത് അങ്ങനെയാണ്. ആയമാരുടെ സംരക്ഷത്തിൽ വളരുന്ന കുഞ്ഞുങ്ങളെ അടക്കിയിരുത്തുവാൻ വീഡിയോ ഗയിമിന് കഴിയും. ജോലിയിലെ പിരിമുറുക്കമയക്കുവാൻ ടി.വി. ഷോകളിലെ വിഭവങ്ങൾ വേണ്ടുവോളം. പ്രായഭേദമെന്യേ കൗമാര ചേഷ്ടകൾ താത്പര്യപ്പെടുന്നവർക്ക് ഓൺലൈനിൽ ചവറുപോലെ അശ്ലീലചിത്രങ്ങളും സാഹിത്യങ്ങളും, അപരിചിതരുമായി ബന്ധങ്ങളുണ്ടാക്കുവാൻ സഹായകമായ ഫേസ് ബുക്കും, ആശയവിനിമയത്തിനുള്ള ഏറ്റവും ചിലവു കുറഞ്ഞ മൊബൈൽ ഫോണും ആരെയും എന്തിനെയും കണ്ടെത്തുവാൻ ഗൂഗിൾ സേർച്ചും വീട്ടുമുറ്റത്തുള്ളപ്പോൾ ബന്ധങ്ങളെ അറുക്കുവാൻ ആർക്കും വിദേശത്തേക്ക് പോകേണ്ട ആവശ്യമില്ല.

ആധുനികതലമുറയുടെ മുഖം ഫേസ്ബുക്കിലും, കാതുകൾ സെൽഫോണിലും, കണ്ണുകൾ ടി.വിയിലും ബന്ധിച്ചിരിക്കുന്നു. ഇന്റർനെറ്റിലെ ഹോം പേജ് കുടുംബമാക്കിയ (ഹോം) തലമുറക്ക് ദൈവനിർമ്മിത കുടുംബങ്ങളിലെ ബന്ധത്തെക്കുറിച്ചുള്ള തിരിച്ചറിവ് നഷ്ടപ്പെട്ടിരിക്കുന്നു. യൂ ട്യൂബിലെ വിഡിയോ കാണുവാൻ ഭൂലോകവാസികൾ ഓരോ മാസവും 600 കോടി മണിക്കൂർ ചിലവഴിക്കുന്നു. ഫേസ്ബുക്കുപയോഗിക്കുന്ന 82 ദശലക്ഷം ഇന്ത്യാക്കാരിൽ 62 ദശലക്ഷം പേർ മൊബൈൽ ഫോണിലൂടെയാണ് ലോഗിൻ ചെയ്യുന്നത്. ടെലിഫോൺ ഉപയോഗത്തിൽ ലോകത്തിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യയുടേത്. രണ്ടുവയസ്സുള്ള എൻരെ കൊച്ചുമകൻ മൊബൈൽ ഫോണിൽ നിന്ന് അവനിഷ്ടപ്പെട്ട കാർട്ടൂൺ ഗയിം തിരഞ്ഞെടുക്കുന്നതു കണ്ട് അത്ഭുതപ്പെട്ടിട്ടുണ്ട്.

കാലം മാറിയെന്നുള്ള തിരിച്ചറിവല്ലേ ഈ കാലഘട്ടത്തെ അതിജീവിക്കുവാനുള്ള മാർഗ്ഗം. ആഗോളവത്ക്കരണത്തെയോ, ശാസ്ത്ര സാങ്കേതിക വിദ്യകളെയോ തടഞ്ഞു നിർത്തുവാൻ ആർക്കും കഴിയില്ല. മരണത്തിന് കടിഞ്ഞാണിടാമോയെന്ന് പരീക്ഷിക്കുവാൻ ഗൂഗിൾ തയ്യാറെടുത്തു കഴിഞ്ഞ ഈ കാലഘട്ടത്തിൽ പണ്ടുണ്ടായിരുന്ന ഗ്രാമീണ സംസ്ക്കാരത്തിലേക്ക് മടങ്ങിപ്പോകുവാൻ ശ്രമിച്ചാലും സാധിച്ചെന്ന് വരില്ല. നാം ജീവിക്കുന്ന വ്യവസ്ഥിതിയെ ക്രിയാത്മകമായി ഉപയോഗിച്ച് ജീവിതം സമ്പുഷ്ടമാക്കുവാൻ ഉത്സാഹിക്കുകയാണ് ഉത്തമം. ഉപജീവനത്തിനായി അന്യദേശത്ത് കഴിയുന്ന മക്കൾ ഏകാന്തതയുടെ തടവറയിൽ കഴിയുന്ന മാതാപിതാക്കളെ അവിടെ നിന്നും മോചിപ്പിക്കുവാനുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തണം. വൃദ്ധഭവനങ്ങളുടെ ആവശ്യവും ഗുണങ്ങളും മനസ്സിലാക്കി നാട്ടിൻപുറങ്ങളിൽ അവ സ്ഥാപിക്കുവാൻ തങ്ങളാലാവത് ചെയ്യണം. വൃദ്ധസദനങ്ങൾ അനാഥരുടെ താവളമാണെന്ന തെറ്റായ ധാരണ മാറ്റുവാൻ

ശേഷം പേജ് 4


**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും, നിങ്ങളുടെ പണം സുരക്ഷിതമായി നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.





**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**

Chief Life Insurance Advisors.
Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ.,
പത്തനംതിട്ട (Dist).



**പുസ്തകോത്സവം**

**2013 നവംബർ 1 മുതൽ 16 വരെ**

**മികച്ച പുസ്തകങ്ങൾ മിതമായ വിലയ്ക്ക്**

**50% വരെ വിലക്കുറവ്**

**സി.എസ്.എസ്. ബുക്ക്ഷോപ്പ്**

**കുരിശുകവല, തിരുവല്ല – 689 101. ഫോൺ: 0469 – 2630389, 2634936**

e-mail: csspublications@dataone.in

# നാഷണൽ പ്രയർ മൂവ്മെന്റ് പ്രാർത്ഥനയുടെ 50 ദിനങ്ങൾ





തിരുവല്ല: നാഷണൽ പ്രെയർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ നവം.15 മുതൽ 2014 ജനുവരി 4 വരെയുള്ള 50 ദിവസങ്ങൾ പ്രാർത്ഥനാ ദിനങ്ങളായി വേർതിരിച്ചിരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ ദൈവജനങ്ങൾ ഒത്തൊരുമിച്ചു കൂടി ഐക്യതയോടെ പ്രാർത്ഥിക്കുന്നതിന് ഈ പ്രാർത്ഥനാ ദിനങ്ങൾ മുഖാന്തരമായിട്ടുണ്ട്.

പ്രഥമ പ്രാർത്ഥനാ സംഗമം നവം. 15,16 തീയതികളിൽ കുമ്പനാട് മുട്ടുമൺ ഐ.സി.പി.എഫ്. കൗൺസലിംഗ് സെന്ററിൽ നടക്കും. 15-ന് വൈകിട്ട് 4 വരെ 24 മണിക്കൂർ ചെയിൻ പ്രെയർ, പഠന ക്ലാസ്സുകൾ, സന്ദേശങ്ങൾ എന്നിവ മീറ്റിംഗിന്റെ പ്രത്യേകതകളായിരിക്കും. താമസവും ഭക്ഷണവും ക്രമീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ.

പാസ്റ്റർ പി.ജി.മാത്യൂസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ബാബു ചെറിയാൻ, ഡോ.കെ.വി.പോൾ (നാഷണൽ പ്രെയർ മൂവ്മെന്റ്, ചെയർമാൻ), ഇവാ.സാം സി. ശാമുവേൽ, മേജർ ലൂക്ക്, ഇവാ.വിൽസൺ എന്നിവർ വിവിധ സെക്ഷനുകളിൽ സന്ദേശം നൽകും. ലിവിംഗ് മ്യൂസിക്, റാന്നി ആരാധനയ്ക്ക് നേതൃത്വം നൽകും.

കേരളത്തിൽ 50 ദിവസങ്ങളിലായി 150 ൽ അധികം സ്ഥലങ്ങളിൽ സഭാവ്യത്യാസമില്ലാതെ പ്രാർത്ഥനാ യോഗങ്ങൾ സംഘടിപ്പിക്കുന്നു. എല്ലാ ജില്ലകളിലും 7 ദിവസങ്ങൾ വച്ച് പകലും രാത്രിയിലും പ്രാർത്ഥനാ സംഗമങ്ങൾ നടക്കും. പ്രാർത്ഥനാ സംഗമങ്ങളുടെ അനുഗ്രഹത്തിനായി കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു. പാസ്റ്റർ പി.ജി. മാത്യൂസ് (ചെയർമാൻ), മേജർ ലൂക്ക് (ജനറൽ കൺവീനർ), പാസ്റ്റർ തോമസ് വർഗീസ് (ഡിസ്ട്രിക്റ്റ് കോ-ഓർഡിനേറ്റർ), പാസ്റ്റർ ഷാജി ജോസഫ് (സെക്രട്ടറി), പാസ്റ്റർ ജോസ് ജോർജ്ജ്, സിസ്റ്റർ സൂസൻ റ്റി. സണ്ണി (പ്രെയർ കൺവീനേഴ്സ്), പാസ്റ്റർ പി.സി. മാത്യു, ഇവാ. സാം. ജി. കോശി എഫ്.ടി.എസ്, ഇവാ. ടൈറ്റസ് മത്തായി സി.സി.വൈ.എം. (പബ്ലിസിറ്റി കൺവീനേഴ്സ്), പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം (മീഡിയ കോ-ഓർഡിനേറ്റർ), പാസ്റ്റർ പി.എം. ചാക്കോ (ട്രഷറർ), സിസ്റ്റർ സ്റ്റാർലാ ലൂക്ക്, സിസ്റ്റർ ഡെയ്സി തോമസ്, സിസ്റ്റർ ജോളി ജേക്കബ് (ലേഡീസ് കൺവീനേഴ്സ്) കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടുക. പാസ്റ്റർ ഷാജി കുര്യൻ (റീജണൽ കോ-ഓർഡിനേറ്റർ) ഫോൺ: 9446125936, 9446457570.

## പാസ്റ്റേഴ്സ് ഫാമിലി കോൺഫ്രൻസ്

കോട്ട: ഐ.പി.സി. കോട്ടാ സെന്ററിന്റെ ഏക ദിന പാസ്റ്റേഴ്സ് ഫാമിലി കോൺഫ്രൻസ് ഐ.പി.സി. ചിത്തോട് ചർച്ചിൽ നടന്നു. ഇവാ.ജോൺസൺ, പാസ്റ്റർ സിനോജ് എന്നിവർ ക്ലാസ്സുകൾ എടുത്തു. പാസ്റ്റർ ജെയിംസ് ഫിലിപ്പ് ഇവിടെ ശുശ്രൂഷിക്കുന്നു.

## മാങ്ങാനത്ത് 40 ദിന പ്രെയർ ഫെസ്റ്റിവൽ

കോട്ടയം: മാങ്ങാനം മിസ്പ ഹാളിൽ 40 ദിവസ പ്രെയർ ഫെസ്റ്റിവൽ നടന്നു. സെപ്തം.23-ന് ആരംഭിച്ച പ്രാർത്ഥനാ ഉത്സവം നവം.1-ന് സമാപിച്ചു. രാജ്യത്തിന്റെ അനുഗ്രഹത്തിന് വേണ്ടിയുള്ള പ്രാർത്ഥനയിൽ ആയിരങ്ങൾ പങ്കെടുത്തു. സിസ്റ്റർ അന്ന കണ്ടത്തിൽ നേതൃത്വം നൽകിയ പ്രാർത്ഥന ഐ.പി.സി.സൗത്ത് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ.ഇ.തോമസ് ഉദ്ഘാടനം ചെയ്തു.

## മെഗാ ബൈബിൾ ക്വിസ്സ്

റാന്നി: ഐ.പി.സി.സീയോൻ പി.വൈ.പി.എ.തീയാടിക്കലിന്റെ അറുപതാം വാർഷികത്തോടനുബന്ധിച്ച് മെഗാ ബൈബിൾ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ഡിസംബർ 25-ന് നടക്കുന്ന മത്സരത്തിൽ 40 വയസിൽ താഴെ പ്രായമുള്ളവർക്ക് 2-3 പേരടങ്ങുന്ന ടീമായി മത്സരത്തിൽ പങ്കെടുക്കാം. 5000 രൂപ ഒന്നാം സമ്മാനം.

## പ്രാർത്ഥനക്ക്

കുറവിലങ്ങാട്: ഐ.പി.സി.വിളയംകോട് ഫിലദൽഫ്യാ സഭാംഗം പരുന്തുംമാക്കൽ ഡേവിഡ് വർഷങ്ങളായി രോഗിയായി ഭവനത്തിൽ കഴിയുന്നു. വിടുതലിനായി പ്രാർത്ഥിച്ചാലും.

## കാനഡയിൽ ഐ.പി.സി.സമ്മേളനം

ടൊറന്റോ കാനഡ: ഇന്ത്യാ പെന്തെക്കോസ്ത് ദൈവ സഭാംഗങ്ങളുടെ പ്രത്യേക സമ്മേളനം ഒക്ടോബർ 15-ന് ഓക്മില്ലിൽ നടന്നു. പാസ്റ്റർ ജോർജ്ജ് തോമസിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ റവ്വഈശോ ഫിലിപ്പ് സ്വാഗതം ആശംസിച്ചു. ഐപിസിജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി.ജോൺ മുഖ്യപ്രഭാഷണം നടത്തി. അതോടൊപ്പം സഭാ ആസ്ഥാനമായ കുമ്പനാട്ട് നടക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. തുടർന്നു നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ബ്രദർ നോബിൾ ജോണിനെ കാനഡയിലെ ഐ.പിസികോർഡിനേറ്ററായി ചുമതലപ്പെടുത്തി. കാനഡയിൽ നിന്ന് കുമ്പനാട്ടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇരുപതിനായിരം ഡോളർ കളക്ട് ചെയ്യുവാനും തീരുമാനിച്ചു.

## ഐ.പി.സി.സ്റ്റേറ്റ് ഇവാഞ്ചലിസം ബോർഡ് ലഹരി വിരുദ്ധ യാത്ര

കൊട്ടാരക്കര: ഐ.പി.സി.സ്റ്റേറ്റ് ഇവാഞ്ചലിസം ബോർഡിന്റെ നേതൃത്വത്തിൽ ഒക്ടോബർ 19-ന് കൊട്ടാരക്കരയിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ സന്ദേശ യാത്ര നടത്തി. പാസ്റ്റർ ദാനിയേൽ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ വർഗീസ് മത്തായി, ദാനിയേൽ കൊന്നനിൽക്കുന്നതിൽ, സിനോജ് ജോർജ്ജ്, ഡോരാജു തോമസ്, എന്നിവർ പ്രസംഗിച്ചു. പാസ്റ്റർമാരായ തോമസ് ഫിലിപ്പ്, ദാനിയേൽ കൊന്നനിൽക്കുന്നതിൽ, കുട്ടപ്പൻ നേതൃത്വം നൽകി.

## അഗപ്പെ ഗോസ്പൽ മിഷൻ 19 ാമത് ജനറൽ കൺവൻഷൻ

